കണ്ണിൽ ചെറിയ ഒരവയവമുണ്ട്. ഹൃദയം ഒളിപ്പിച്ചുവെക്കുന്ന യാഥാർഥ്യങ്ങളെ അത് പുറത്ത് കാണിക്കും. അത് ദൈവത്തിന്റെ യുക്തി.

അറിവില്ലാത്തവന് ബാധ്യതയുണ്ടോ എന്ന ചോദ്യത്തിന് ഉത്തരം തീർത്തുപറയാനാകില്ല. സാഹചര്യങ്ങൾ പലതുമുണ്ടാകാം.

എല്ലാ കാര്യവും അറിഞ്ഞിരിക്കണമെന്ന് നിർബന്ധമില്ല. അത് മനുഷ്യന് സാധ്യമായ കാര്യമല്ല. എന്നാൽ യാഥാർഥ്യങ്ങളെ സംബന്ധിച്ച് അറിയാതിരിക്കൽ ജീവിതപരാജയമാണ്.

വസ്തുതകളെ സംബന്ധിച്ച അറിവിനെക്കാൾ അനിവാര്യമാണ് യാഥാർഥ്യങ്ങളോട് സഹവസിച്ചു ജീവിക്കുകയെന്നത്. വളച്ചുകെട്ടിയല്ല ഇത് പറയുന്നത്.

നാം ഇടപെടുന്ന കാര്യങ്ങളിൽ അഭിപ്രായഭിന്നതകളും എതിർപ്പുകളും ഉണ്ടാകുന്നത് കാര്യങ്ങളെ അവയുടെ യാഥാർഥ്യങ്ങളിൽനിന്ന് അകന്നു സമീപിക്കുന്നതുകൊണ്ടുണ്ടായ ദുരന്തമാണ്. ഇതിന് ഉദാഹരണം വേണമെന്നില്ല.

മനുഷ്യൻ യാഥാർഥ്യങ്ങളെ അറിയേണ്ടവൻ മാത്രമല്ല, അതുമായി സഹവസിക്കേണ്ടവൻ കൂടിയാകുന്നു എന്ന് സൂചിപ്പിച്ചല്ലോ. ആചരണമാണ് അതുകൊണ്ടുദ്ദേശിക്കുന്നത്. ഇത് മനുഷ്യന് മാത്രമുള്ള പ്രത്യേകത. മൃഗങ്ങൾക്കതിന്റെ ആവശ്യമില്ല. കാരണം അവയുടെ ലോകത്ത് കാപട്യമില്ല.

മൃഗങ്ങൾക്ക് ധാർമികബോധമില്ല. അതിനാൽ ആ മേഖലയിൽ അവക്ക് പൊതുശത്രുവില്ല. ജീവിതത്തിന് നിശ്ചയിക്കപ്പെട്ട പ്രകൃതിയിൽനിന്ന് അവക്ക് പുറത്തുപോകേണ്ടതുമില്ല. എന്നാൽ മനുഷ്യൻ അങ്ങനെയല്ല. ധാർമികബോധത്തോടു കൂടിയാണ് അവൻ സൃഷ്ടിക്കപ്പെട്ടത്. ധാർമികതയുടെ ആചരണത്തിലാണ് അവന്റെ വിജയം. പിശാച് അവന്റെ പരാജയം കൊതിക്കുന്നു. അതിനാൽ, പിശാച് അവന്റെ പൊതുശത്രുവാകുന്നു. മനുഷ്യർ തമ്മിലും ശത്രുതയുണ്ടാകാം. അവിടെയാണ് കാപട്യവും കള്ളവും സംഭവിക്കുന്നത്.

യാഥാർഥ്യങ്ങളെ തിരിച്ചറിയൽ ധർമമാകുന്നു. അവയുമായി ജീവിക്കൽ വിശുദ്ധ സമരത്തിന് തുല്യവുമാണ്.

യാഥാർഥ്യങ്ങളെ മനസ്സിലാക്കിയിട്ടും അതുമായി ജീവിക്കാത്തവൻ സത്യത്തിന്റെ ശത്രുവാകുന്നു. അവർക്ക് എത്ര വലിയ പ്രത്യയശാസ്ത്രങ്ങളുടെ പിൻബലമുണ്ടായാലും ശരി അവരുടെ ജീവിതശൈലി അപാകതകൾ നിറഞ്ഞതായിരിക്കും.

സത്യത്തെ മറികടക്കാനും ജയിച്ചടക്കാനും ശ്രമിക്കരുത്. അവിടെ കാപട്യവും കളവുമാണ് സംഭവിക്കുക. ഈ കളവുകളെ നല്ല വാക്കുകൾ കൊണ്ടാണ് പിന്നീട് ന്യായീകരിക്കാൻ ശ്രമിക്കുക. കർമ്മം കൊണ്ട് മോശമാക്കിയതിനെ വാക്കുകൾ കൊണ്ട് നന്നാക്കാൻ സാധിക്കുകയില്ല. മനപ്പൂർവം ചെയ്യുന്ന കളവുകളെ കാലം വെളിച്ചത്തു കൊണ്ടുവരും. കാരണം വാക്കുകളെക്കാൾ ശക്തവും മുദ്ര ചെയ്യപ്പെട്ടതുമാണ് കർമ്മങ്ങൾ.

യാഥാർഥ്യങ്ങളെ കളവുകളെക്കൊണ്ട് ഏറെ കാലം മറച്ചുവെക്കാൻ സാധിക്കുകയില്ല. അതിന്റെ പ്രകാശം കെട്ടണയുകയില്ല. യാഥാർഥ്യത്തെ മറികടക്കാനുള്ള വ്യഗ്രതയിലാണ് കുഴപ്പങ്ങൾ പടരുന്നത്. മനുഷ്യജീവിതം അതിന് സാക്ഷി.

ഓരോ കാര്യത്തിനും നിശ്ചയിക്കപ്പെട്ട ശരിയായ വഴിയുണ്ട്. ഇടപാടുകളായാലും പെരുമാറ്റങ്ങളായാലും ശരി, ആ വഴിയിലൂടെ മുന്നേറാത്തിടത്തോളം കാലം അസ്വസ്ഥതകൾ നമ്മെ വിട്ടൊഴിയുകയില്ല. അത് ഭരണരംഗത്തായാലും കുടുംബരംഗത്തായാലും സാമ്പത്തികരംഗത്തായാലും സാംസ്കാരിക രംഗത്തായാലും ശരി. യാഥാർഥ്യങ്ങളെ മറികടന്നു കൊണ്ടുള്ള രീതി ശാന്തമായി ഉറങ്ങാനുള്ള സൗഭാഗ്യം ഇല്ലാതാക്കും.

മനുഷ്യന്റെ ബുദ്ധിയും വിവേകവും പ്രകൃതിയും യാഥർഥ്യത്തെ കാംക്ഷിക്കുന്നു. അവിവേകവും കാപട്യവും കളവിനെ തേടുന്നു. കളവിന്റെ ആധിക്യം യാഥാർഥ്യത്തെ നിർമാർജനം ചെയ്യുകയില്ല.

മനുഷ്യർ ആർജിക്കുന്ന വിവരങ്ങൾ സത്യത്തിൽ അധിഷ്ഠിതമാണ്. അത് ദൈവത്തിന്റെ നിശ്ചയം. അതിനനുസരിച്ച് ജീവിതം നയിക്കുവാൻ മനുഷ്യൻ ബാധ്യസ്ഥനാകുന്നു. അതിന് വിരുദ്ധം ചിന്തിക്കുന്നത് പൈശാചികമാണ്.

സത്യത്തെ ജീവിതത്തിൽ ആചരിക്കാൻ എല്ലാ മനുഷ്യരും ബാധ്യസ്ഥരാണ്. ദൈവം എല്ലാവർക്കും അതെ സംബന്ധിച്ച ബോധവും അതുൾക്കൊള്ളാനുള്ള കഴിവും നൽകിയിട്ടുണ്ട്.